**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1075** **11-02-2025 - ൽ മറുപടിയ്ക്ക്**

**കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ കുടിവെള്ളം എത്തിക്കുന്നതിനായി കിഫ്ബി, ജൽജീവൻ, പ്ലാൻ ഫണ്ട്, നബാർഡ്, അമൃത്, മറ്റു ഫണ്ടുകൾ മുഖേന എന്തൊക്കെ പ്രവൃത്തികളാണ് നടന്നു വരുന്നത് എന്ന് വിശദമാക്കാമോ; | (എ) | **കിഫ്ബി- ആലപ്പുഴ കുടിവെള്ള പദ്ധതി**<br><br>ആലപ്പുഴ മുനിസിപ്പാലിറ്റിയിലേയും, ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലേയും ജലവിതരണ ശൃംഖലയുടെ വിപുലീകരണവും, നവീകരണത്തിനും വേണ്ടി<br><br>കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 299.311 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി നൽകിയിട്ടുണ്ട്.<br><br>ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങളിൽ 7 ഉന്നതതല ജലസംഭരണികളും, 2.8 കി.മി (മാരാരിക്കുളം തെക്ക്), 6.5 കി.മി (മണ്ണഞ്ചേരി), 0.62 കി.മി (ആര്യാട്)ട്രാൻസ്മിഷൻ മെയിനും. 580 കിലോമീറ്റർ വിതരണ ശൃംഖലയുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ പദ്ധതിയിൽ നിലവിൽ 9 പാക്കേജുകളാണ് ഉള്ളത്. ഇതിൽ പാക്കേജ് - 1, 3, 4, 5, 6, 7 എന്നീ 6 പാക്കേജുകളാണ് ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഉള്ളത്. ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ 374518 ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. പാക്കേജുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>പാക്കേജ് 1</u><br><br>ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ചാത്തനാട് 16 LL സംഭരണശേഷിയുള്ള OHSR, 5 LL സംഭരണ ശേഷിയുള്ള ഭൂഗർഭ ജലസംഭരണി, വടികാട് ഭാഗത്ത് 16 LL സംഭരണശേഷിയുള്ള OHSR, 3 LL സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണി, മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ (കാട്ടൂർ) 12 LL സംഭരണശേഷിയുള്ള OHSR, 3 LL സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണി, ഇതിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (2.6 കി.മീ.), അനുബന്ധ മോട്ടോറുകളും പമ്പുകളും, |

ഓപ്പറേറ്റർമാർക്കുള്ള ക്വാർട്ടേഴ്സ് കൂടാതെ കലവൂർ സർവ്വോദയപുരം ഭാഗത്തെ റെയിൽവേ ക്രോസ്സിംഗും ഈ പാക്കേജിൽ ഉൾപ്പെടുന്നു. പ്രവൃത്തി 95% പൂർത്തീകരിച്ചു. റയിൽവേ ക്രോസ്സിംഗിന് 02.04.2024 ന് അനുമതി ലഭിച്ചു. എന്നാൽ പ്രവൃത്തി നടത്തുന്നതിനു വേണ്ടി caution sanction റയിൽവേയിൽ നിന്ന് ലഭ്യമായിട്ടില്ല. വടികാട്, ചാത്തനാട്, കാട്ടൂർ ജലസംഭരണികൾ നിലവിലെ വിതരണ ശൃംഖലയിലേക്ക് ഇന്റർ കണക്ട് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി പൂർണ്ണമാകുന്നതിന് കിഫ്ബി പാക്കേജ് - 5 - ൽ ഉൾപ്പെടുത്തി ജലവിതരണ ശൃംഖല പ്രാവർത്തികമാകേണ്ടതുണ്ട്.

<u>പാക്കേജ് 3</u>

മണ്ണഞ്ചേരി പഞ്ചായത്തിൽ 12 LL സംഭരണശേഷിയുള്ള OHSR ഉം 3 LL സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും ഇവയിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും(6.5 കി.മി), അനുബന്ധ മോട്ടോറുകളും പമ്പുകളും 103 കി.മി ശൃംഖലകളുടെ വിപുലീകരണവും ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റീ ടെണ്ടറിൽ 2 ഓഫർ ലഭ്യമായിട്ടുണ്ട്. ടെൻഡർ അനുമതിക്കായുള്ള നടപടികൾ പുരോഗമിക്കുന്നു.

<u>പാക്കേജ് 4</u>

ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ കൊമ്മാടി ഉന്നതതല ജലസംഭരണിയിൽ നിന്നും സോൺ 1 ലേക്കുള്ള വിതരണ ശൃംഖലയും, റെയിൽവേ ക്രോസ്സിംഗും (2 Nos. മംഗലം, മാളികമുക്ക്) ഈ പാക്കേജിൽ ഉൾപ്പെടുന്നു. ടെണ്ടർ നടപടികൾക്ക് ശേഷം പ്രവൃത്തിയ്ക്കുള്ള ഉത്തരവ് 04.02.2025 - ൽ നൽകിയിട്ടുണ്ട്.

<u>പാക്കേജ് 5</u>

മാരാരിക്കുളം തെക്ക് വിതരണ ശൃംഖലയുടെ (101 കി.മീ.) നവീകരണമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ടെണ്ടർ നടപടികൾക്ക് ശേഷം M/s. ULCCS ന് പ്രവൃത്തി ഉത്തരവ് 14.01.2025 ൽ നൽകിയിട്ടുണ്ട്

<u>പാക്കേജ് 6</u>

ആര്യാട് പഞ്ചായത്തിൽ 9 LL. സംഭരണശേഷിയുള്ള ജലസംഭരണിയും 19 കി.മി വിതരണ ശൃംഖലയും 620 മി ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുമാണ് ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ടി പ്രവൃത്തി

| | | | |
|---|---|---|---|
| | | | നടപ്പാക്കുന്നതിനായി 10.06.2024 ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എഗ്രിമെന്റ് വെയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br><u>പാക്കേജ് 7</u><br><br>ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ചാത്തനാട് ഉന്നതതല ജലസംഭരണിയിൽ നിന്നും സോൺ 2 ലേക്കുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയാണ് ഈ പാക്കേജിൽ ഉൾപ്പെട്ടിരിക്കുന്നത്. പ്രവൃത്തി ടെണ്ടർ ചെയ്തു. വർക്ക് ഓർഡർ നൽകിയിട്ടില്ല.<br><br>ജലജീവൻ മിഷൻ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്<br><br>**<u>അമൃത് പദ്ധതി</u>**<br><br>ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ അമൃത് പദ്ധതി മുഖേന ഭരണാനുമതി നൽകിയ മൂന്ന് പ്രവൃത്തികളിലായി 7500 കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയും, 3000 കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയും, 500 കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയും നടന്നു വരുന്നു. കൂടാതെ 33 കി.മീ. ദൈർഘ്യത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിയും നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെ ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കുന്നതെന്നും എത്ര തുകയാണ് ചെലവഴിക്കുന്നതെന്നും വിശദവിവരം ലഭ്യമാക്കാമോ; | (ബി) | കിഫ്ബി അമൃത്, ജലജീവൻ മിഷൻ പദ്ധതി എന്നിവയിലൂടെയാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്.<br><br><u>കിഫ്ബി</u><br><br>ആലപ്പുഴ മുനിസിപ്പാലിറ്റിയിലേയും, ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലേയും ജലവിതരണ ശൃംഖലയുടെ വിപുലീകരണവും, നവീകരണവും പ്രവൃത്തിയിൽ ഉൾപ്പെടുത്തി പാക്കേജ് - 1 - ലെ പ്രവൃത്തികൾക്കായി 1978.64 ലക്ഷവും, പാക്കേജ് - 2 - ലെ പ്രവൃത്തികൾക്കായി 1078.09 ലക്ഷവും ഉൾപ്പെടെ 3056.73 ലക്ഷം രൂപ ചിലവഴിച്ചുണ്ട്.<br><br><u>ജലജീവൻ മിഷൻ പദ്ധതി</u><br><br>നാളിതുവരെ ചെലവഴിച്ച തുക അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.<br><br><u>അമൃത് പദ്ധതി</u><br><br>ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ കണക്ഷനുകൾ നൽകുന്ന പ്രവൃത്തി, ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി എന്നിവക്കായി 36.938 കോടി രൂപയാണ് അമൃത് |

| | | | |
|---|---|---|---|
| | | | ഫണ്ടിൽ അനുവദിച്ചിരിക്കുന്നത്. ആലപ്പുഴ നിയോജകമണ്ഡലത്തിൽ അമൃത് ഫണ്ട് ഉപയോഗിച്ച് നിലവിൽ 1087.79 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്. |
| (സി) | സമ്പൂർണ്ണ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് കിഫ്ബി, ജൽജീവൻ തുടങ്ങിയ പദ്ധതികളിലൂടെ എത്ര പ്രവൃത്തികളാണ് അവശേഷിക്കുന്നതെന്നും അവ എന്ന് പൂർത്തീകരിക്കാനാകുമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ; | (സി) | കിഫ്ബി പദ്ധതി യുടെ വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്<br><br><u>ജലജീവൻ മിഷൻ പദ്ധതി</u><br><br>പ്രസ്തുത മണ്ഡലത്തിൽ സമ്പൂർണ്ണ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് ജൽ ജിവൻ മിഷനിലൂടെ മാരാരിക്കുളം നോർത്ത് പഞ്ചായത്തിൽ ഒരു പ്രവൃത്തി അവ ശേഷിക്കുന്നു. ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി, ജലജീവൻ, പ്ലാൻ ഫണ്ട്, നബാർഡ്, അമൃത്, മറ്റു ഫണ്ടുകൾ മുഖേന എത്ര കണക്ഷനുകളാണ് ഇതുവരെ നൽകിയിട്ടുള്ളതെന്ന് തദ്ദേശസ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ? | (ഡി) | കിഫ്ബി പ്രവൃത്തികളിൽ വാട്ടർ കണക്ഷൻ നൽകുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ല.<br><br>ജലജീവൻ മിഷൻ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.<br><br><u>അമൃത് പദ്ധതി</u><br><br>ആലപ്പുഴ നിയോജമണ്ഡലത്തിൽ അമൃത് പദ്ധതി പ്രകാരം നിലവിൽ 4013 കണക്ഷനുകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

**ജലജീവൻ മിഷൻ പദ്ധതി**

| പഞ്ചായത്ത് | അകെ ഗ്രാമീണ വീടുകൾ | JJM ന് മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ | നാളിതു വരെ ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|---|
| ആര്യാട് | 9683 | 3716 | 5967 | 970.33 | 3528 | 7244 | 2439 | 222.57 |
| മണ്ണഞ്ചേരി | 18103 | 2390 | 15713 | 2423.50 | 9092 | 11482 | 6621 | 948.34 |
| മാരാരിക്കുളം (വടക്ക്) | 10883 | 2739 | 7311 | 944.00 | 6007 | 8746 | 2137 | 639.38 |
| മാരാരിക്കുളം (തെക്ക്) | 16061 | 4065 | 11996 | 1843.96 | 8512 | 12577 | 3484 | 1177.53 |
| **ആകെ** | **54730** | **12910** | **40987** | **6181.79** | **27139** | **40049** | **14681** | **2987.82** |

ബാക്കിയുള്ള കണക്ഷൻ നൽകണമെങ്കിൽ കിഫ്ബി പദ്ധതി മുഖേന നടപ്പിലാക്കുന്ന വിതരണ ശൃംഖലയുടെ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്

**അനുബന്ധം -2**

| പഞ്ചായത്ത്/ മുനിസിപ്പാ ലിറ്റി | പ്രവൃത്തിയുടെ പേര് | ആകെ പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | അവശേഷി ക്കുന്ന പ്രവൃത്തി | പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന തീയതി |
|---|---|---|---|---|---|
| ആലപ്പുഴ മുനിസിപ്പാലിറ്റിയും ആര്യാട് മാരാരിക്കുളം തെക്ക് മണ്ണഞ്ചേരി പഞ്ചായത്തുകളും | ആലപ്പുഴ മുനിസിപ്പാലിറ്റിയിലേയും, ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലേയും ജലവിതരണ ശൃംഖലയുടെ വിപുലീകരണവും, നവീകരണവും | 6 | 0 | 6 | പാക്കേജ് -1 95 % പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തി മാർച്ച് 2025 ഓടു കൂടി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അവശേഷിക്കുന്ന പാക്കേജുകൾ 2026 മാർച്ച് മാസത്തോടു കൂടി പൂർത്തീകരിക്കുവാൻ സാധിക്കുന്ന രീതിയിലാണ് പ്രവൃത്തി ക്രമീകരിച്ചിരിക്കുന്നത് |

**അനുബന്ധം -1**

**ജലജീവൻ മിഷൻ പദ്ധതി**

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | JJM ന് മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ | നാളിതു വരെ ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|---|
| ആര്യാട് | 9683 | 3716 | 5967 | 970.33 | 3528 | 7244 | 2439 | 222.57 |
| മണ്ണഞ്ചേരി | 18103 | 2390 | 15713 | 2423.50 | 9092 | 11482 | 6621 | 948.34 |
| മാരാരിക്കുളം (വടക്ക്) | 10883 | 2739 | 7311 | 944.00 | 6007 | 8746 | 2137 | 639.38 |
| മാരാരിക്കുളം (തെക്ക്) | 16061 | 4065 | 11996 | 1843.96 | 8512 | 12577 | 3484 | 1177.53 |
| **ആകെ** | **54730** | **12910** | **40987** | **6181.79** | **27139** | **40049** | **14681** | **2987.82** |

ബാക്കിയുള്ള കണക്ഷൻ നൽകണമെങ്കിൽ കിഫ്ബി പദ്ധതി മുഖേന നടപ്പിലാക്കുന്ന വിതരണ ശൃംഖലയുടെ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്